# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1569

16-03-2015 ൽ മറുപടിയ്ക്ക്

### നെൽകൃഷി വ്യാപകമാക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. എ.എ. അസീസ്
" കോവൂർ കുഞ്ഞുമോൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) നെൽകൃഷി വ്യാപകമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(എ) നെൽകൃഷി വ്യാപകമാക്കുന്നതിനായി കൃഷി വകുപ്പ് സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും, തരിശ്ശു നില നെൽകൃഷി വികസനം എന്നീ നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് 2014-15 വർഷത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയനുസരിച്ച് 315.07 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. നെൽ കർഷകർക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.ആർ.കെ.വി.വൈ പൊക്കാളി നെൽകൃഷി വികസന പദ്ധതിയിൽ 696.5 ഹെക്ടർ പൊക്കാളി നെൽകൃഷി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 69.65 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.ഇതിനും പുറമെ കോൾമേഖലയിലെ കോൾ കർഷകർക്ക് അവരുടെ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും പ്രാദേശിക അടിസ്ഥാന ത്തിൽ പദ്ധതികൾ

| | | | |
|---|---|---|---|
| | | | ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര കോൾ വികസന ഏജൻസി നിലവിലുണ്ട്. കൂടാതെ ആലപ്പുഴ, എറണാകുളം, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ, എന്നീ ജില്ലകളിൽ നെൽകൃഷി വികസന ഏജൻസികളും പ്രവർത്തിച്ച് വരുന്നു. |
| (ബി) | നെൽകർഷകർക്ക് വകുപ്പ് നൽകുന്ന സൗജന്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | നെൽകർഷകർക്ക് കൃഷി വകുപ്പ് നൽകുന്ന സൗജന്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

US-1569
16/03/2015

2014-2015 ൽ നെൽകൃഷിവികസന പദ്ധതികൾക്കായി കൃഷിവകുപ്പ് നൽകുന്ന സൗജന്യങ്ങൾ

| പദ്ധതികൾ | ഒരു ഹെക്ടറിന് നൽകുന്ന സൗജന്യം .രൂപ | ആകെ അനുവദിച്ചിട്ടുള്ള തുക(ലക്ഷം .രൂപ) |
|---|---|---|
| ഗ്രൂപ്പ്ഫാമിംഗ്(സുസ്ഥിര നെൽകൃഷിവികസന പദ്ധതി യിൽ1500/-ഹെക്ടർ,ആർ.കെ.വി.വൈ പദ്ധതി പ്രകാരം3000/-ഹെക്ടർ. ആകെ 4500/-ഹെക്ടർ | 4500.00 | 8100 |
| നെൽകൃഷിവികസന ഏജൻസികൾക്കുള്ള ഫണ്ട് | | 150 |
| പ്രത്യേക നെല്ലിനങ്ങളുടെ പ്രോൽസാഹനം | 10000.00 | 200 |
| പാട ശേഖര സമിതി കൾക്കുള്ള പ്രവർത്തന സഹായവും അടിസ്ഥാന സൗകര്യ വികസനവും | 200.00 | 302 |
| ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി | | 315.07 |
| ഉൽപ്പാദന ബോണസ് | 1000 | 1243.44 |
| തരിശുനിലകൃഷി | 30000 | 255.39 |
| ആർ.കെ.വി.വൈ.പൊക്കാളി നെൽകൃഷിവികസനം | 10000 | 69.65 |
| ആകെ | | 10635.55 |

സെക്ഷൻ ഓഫീസർ